*<u>കവിത</u>*

## *<u>കാഴ്ചകൾ</u>*

*മോഹൻദാസ് മൊകേരി*

*കാലമെന്ന മഹാമാന്ത്രികന്റെ*
*ജാലവിദ്യകൾ കണ്ടുനിൽക്കുമ്പോൾ*
*ഓർത്തെടുക്കാൻ നിറമുള്ളതൊന്നും*
*ഏറെയില്ലാത്ത ബാല്യം വിതുമ്പി*
*പൂക്കുലകൾ നിറഞ്ഞ മാവിന്റെ*
*ചോട്ടിലെന്തു തണലായിരുന്നു !*
*തൊട്ടടുത്തുള്ളിലഞ്ഞിയിൽ നിന്നാ*
*യെത്തിനോക്കിയ കാറ്റുപറഞ്ഞു :*
*"പൂക്കളെത്ര മനോഹരം, എന്റെ*
*രാത്രികൾ മദോന്മത്തമാക്കുന്നു."*

****************

*പൂക്കൾപോയീ, ശലഭങ്ങൾ പോയീ*
*മാഞ്ഞുപോയീ മനോഹരദൃശ്യം*
*കൃത്രിമത്വം, കപടഭാവങ്ങൾ*
*നൃത്തമാടും അരങ്ങുകൾ മാത്രം.*
*ശാഖനീട്ടിവളർന്നമരങ്ങൾ*

*ശോകമൂകം തലതാഴ്ത്തി നിന്നു.*
*പക്ഷികൾ കൂടുതേടിപ്പറന്നു*
*കാട്ടുചോല നടനം മറന്നു*
*ഉള്ളിലാകെ മലീമസഗന്ധം*
*കാറ്റുവീശാൻ മടിച്ചു നിൽക്കുന്നു.*
*ഒച്ചയില്ല ബഹളങ്ങളില്ല*
*ദീർഘനിശ്വാസനിസ്വനം മാത്രം.*

***************